# പള്ളികഥകൾ

## മിനികഥകൾ എഴുപത്തിയേഴ് ജോയിക്കുട്ടി,

ജോസഫച്ചന്റെ കഥ കേൾക്കാൻ പിന്നേയും പിന്നേയും ആശ്ക്കാർ ധാരാളം ഉണ്ടെന്ന് കേൾക്കുമ്പോൾ അദ്ദേഹത്തിനും പറയാൻ അതിലേറെ താല്പര്യം ഉണ്ട്. പക്ഷേ, ഒന്നുകിൽ അച്ചൻ തിരക്കിലായിരിക്കും, അല്ലെങ്കിൽ ഞാൻ. രണ്ടും കൂടെ ഒത്തു വന്നാൽ മാത്രമേ കാര്യം ഫലപ്രാപ്തിയിൽ എത്തുകയുള്ളു. ഇതുവെരെ കേൾക്കാത്ത പുതുമയുള്ള കഥയാണ് ഇപ്പോൾ പറയുന്നത്.

## പൊങ്ങച്ചം

''ഇരുപത്തയ്യായിരം ഡോളറിന്റെ ശവപെട്ടിയാണ്''
''ബാവായാണ് അടക്കാൻ വരുന്നത്''
''അദ്ദേഹം നാട്ടിൽ നിന്ന് പ്ലയിൻ കേറിക്കഴിഞ്ഞു''
''അപ്പോൾ മരിക്കുന്നതിന് മുമ്പ് ടിക്കറ്റെടുത്തോ''
''അദ്ദേഹത്തിന്റെ മറ്റു പരിപാടികൾ എല്ലാം മാറ്റി വെച്ചിട്ട് വരികയാണ്''
''അദ്ദേഹം അച്ചനാകുന്നതിന് മുമ്പേ, ഇവർ വളരെ അടുത്ത സുഹൃത്തുക്കളായിരുന്നല്ലോ''
''അപ്പോൾ ഈ അമേരിക്കയിലെ മിക്കവാറും എല്ലാ അച്ചന്മാരും അടക്കത്തിന് കാണുമായിരിക്കും''

അമേരിക്കയിലെ ഒരു ഫ്യൂണറൽഹോമിൽ പല മലയാളികൾ തമ്മിലുണ്ടായ സംസാരമാണ്. കോടീശ്വരൻ മത്തച്ചന്റെ ഭാര്യ മോനിയാണ് മരിച്ചിരിക്കുന്നത്.

മോനികൊച്ചമ്മ എണ്പത്തിയാറാം വയസ്സിൽ മരിച്ചു. മരിക്കുന്നതിന് ഏതാനം ദിവസം മുമ്പു വെരെ അവർ നേഴ്സ്പ്രാക്ടീഷനറായി ജോലി ചെയ്തു. റിട്ടയർ ചെയ്ത് സ്വസ്ഥമായി സുഖമായി ജീവിക്കാൻ തുടങ്ങിയതാണ് പ്രശ്നമായത്. രണ്ടോ മൂന്നോ ദിവസങ്ങൾ കഴിഞ്ഞപ്പോൾ മുതൽ പല വിധ അസുഖങ്ങൾ തുടങ്ങി. പിന്നെല്ലാം പെട്ടെന്നായിരുന്നു.

മോനി അമേരിക്കയിൽ വന്നിട്ട് വർഷങ്ങൾ വളരെ ആയി. ആദ്യമായി അമേരിക്കയിലേക്ക് വന്ന മലയാളി നേഴ്സുമാരിൽ ഒരാളായിരുന്നു. കയ്യിൽ ഒന്നുമില്ലാതെ, ഇംഗ്ലീഷു പോലും ശരിക്ക് പറയാൻ അറിയാൻ വയ്യായിരുന്നു. യേസ്സും നോയും മാത്രം പറയുമായിരുന്നു. ഉത്തര ഇന്ത്യയിൽ നേഴ്സിംഗ് പഠിച്ച് ഹിന്ദിയിൽ വർത്തമാനം പറഞ്ഞിരുന്നതാണ്. നല്ല ദൈവഭക്തിയുണ്ടായിരുന്നതുകൊണ്ട് അമേരിക്കയിൽ എത്തിയെന്നതാണ് സത്യം. ധരിക്കാൻ ഒരു പാന്റു പോലും ഇല്ലായിരുന്നു. ആ ആശുപത്രിയിലെ ഡെയറക്ടർ ഓഫ് നേഴ്സ് വളരെ നല്ല ഒരു സ്ത്രീ ആയിരുന്നതുകൊണ്ട് അയ്യോ പാവം തോന്നി കൂടെ താമസിപ്പിച്ച് അവരുടെ പാന്റും യൂണിഫോമും എല്ലാം കൊടുത്ത് മിടുക്കിയാക്കിയതാണ്. പലരും പല കഥകളും പറയുന്നു. മോനിക്ക് നാല്പതു വയസാകുന്നതുവെരെ വിവാഹം കഴിച്ചില്ല; അക്കാര്യം ചിന്തിക്കാൻ പോലും സമയം കിട്ടിയില്ല. അങ്ങിനെ നാട്ടിൽ നിന്ന് വന്നിട്ട് പതിനൊന്നു വർഷം കഴിഞ്ഞപ്പോൾ അവൾ നാട്ടിൽ പോയി.

ഒന്നുമില്ലാതെ കുടിലിൽ കിടന്നവർ വിസ്താരമായ പുരയിടവും അതിന്റെ നടുവിലായി വലിയ ബംഗ്ലാവും. എല്ലാം അമേരിക്കൻ പണമാണ്. ഇളയ ആങ്ങളമാർക്കെല്ലാം നല്ല വിദ്യാഭ്യാസവും ജോലിയുമെല്ലാം ആയി കഴിഞ്ഞു. അതിൽ മൂത്തവൻ വിവാഹം കഴിക്കാൻ കയറും പൊട്ടിച്ചു നിൽക്കുകയാണ്.

ഇത്രയും പ്രായമായ ആനിക്ക് അതിനു തക്ക പ്രായമുള്ളവരെ അന്വേഷിച്ച് വളരെ കഷ്ടപ്പെട്ടതിനു ശേഷമാണ് മത്തായിയെ കിട്ടിയത്. ആനിയെക്കാളും ഏതാനം മാസം മാത്രം പ്രായ കൂടുതൽ. പക്ഷേ, തൊഴിലൊന്നുമില്ല. രാഷ്ട്രീയമാണ് തൊഴിൽ എന്ന് പറഞ്ഞെങ്കിലും അത്രയ്ക്കുള്ള വിദ്യാഭ്യാസം ഇല്ലായിരുന്നു. പാർട്ടി ഓഫീസിൽ നേതാക്കന്മാർക്ക് ചായ വാങ്ങി കൊടുക്കലാണ് യഥാർത്ഥ പണി. അങ്ങിനെയാണ് പാർട്ടി പ്രവർത്തനം തുടങ്ങുന്നതെന്നാണ് അയാളുടെ പക്ഷം. ഹൈസ്ക്കൂൾ പാസായതാണ്. യേസും നോയും ഇംഗ്ലീഷ് പറയും. പിന്നെ കൈമുതൽ നല്ല ദൈവഭക്തി. അക്കാര്യത്തിൽ അവൾക്ക് അയാളെ ഇഷ്ടപ്പെട്ടു.

മത്തായി അമേരിക്കയിൽ ചെന്നപ്പോൾ മാത്യൂസ് ആയി. പെട്ടന്ന് അയാൾ ഡ്രൈവിംഗ് പഠിച്ചു. എങ്ങിനേയോ നല്ല വണ്ണം അമേരിക്കൻ ഇംഗ്ലീഷ് പഠിച്ചു. അമേരിക്കക്കാരു പറയുന്ന പോലെ എപ്പോഴും യൂ നൊ, യൂ നോ പറഞ്ഞ് കാര്യങ്ങൾ പറ്റിച്ചു. അതിനിടയിൽ മിടുക്കനായി ആറുമാസത്തെ ക്ലാസ്സിനു പോയി റിയൽ എസ്റ്റേറ്റ് കോഴ്സ് പാസായി. മോനി നേഴ്സ് പ്രാക്ടീഷനറായി ജോലി തുടങ്ങിയ ശേഷമായിരുന്നു നാട്ടിൽ പോയതും വിവാഹം ചെയ്തതും എല്ലാം.

മത്തായി ആദ്യമായി അമേരിക്കയിൽ വന്നപ്പോൾ ആനി ''എടാ മത്തായിയെ, ഇവിടെ വാടാ, ചായ ഇടടാ യെന്നെല്ലാം പറഞ്ഞ് അയാളെ ശരിക്കും ഉപദ്രവിച്ചിരുന്നു. വലിയ പാർട്ടി പ്രവർത്തകനാണെന്ന് പറഞ്ഞിട്ട് അവരുടെ വിവാഹത്തിന് പാർട്ടിയിലെ ഒരുത്തൻ പോലും വന്നില്ലായെന്നത് അവളെ ശരിക്കും അരിശപ്പെടുത്തിയിരുന്നു. അയാൾ അന്ന് പലരുടേയും കാലു പിടിച്ച് കരഞ്ഞപേക്ഷിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല.

റിയൽ എസ്റ്റേറ്റിന്റെ കോഴ്സ് പഠിച്ച ശേഷം ഒരാളുടെ കൂടെ കുറച്ചു നാൾ പ്രാക്ടീസും കഴിഞ്ഞപ്പോൾ അയാൾക്ക് ഒരാത്മധൈര്യം കൂടെയായി. ആയിടക്ക് അയാളുടെ ഉപ്പാപ്പന്റെ ഒരു മകൻ അടുത്തു സ്റ്റേറ്റിൽ ഉണ്ടെന്നറിഞ്ഞ് അയാളെ കാണാൻ അവിടെ പോയി കുറച്ചു ദിവസം അവിടെ നിന്നപ്പോൾ അയാളുടെ ബുദ്ധി തെളിഞ്ഞു. അവിടുത്തെ ലൈസൻസ് അയാൾ എടുത്തു. മോനിയേയും അവിടെ വരുത്തി കുറച്ചു കൂടെ മെച്ചമായ ശമ്പളത്തിൽ അവിടെ ജോലി ആയി. അയാളുടെ സമയം തെളിഞ്ഞു. പിന്നെ വെച്ചടി കയറ്റമായി. അങ്ങിനെ അയാൾ മാത്തച്ചനായി. വലിയ ഒരു ബഗ്ലാവിൽ താമസമായി വിലകൂടിയ വലിയ കാറായി; ജീവിതത്തിന്റെ എല്ലാസൗകര്യങ്ങളുമായി. ഒരിക്കൽ ദേഷ്യം വന്നപ്പോൾ അടുക്കളയിൽ നിന്ന് കറിക്കത്തിയെടുത്ത് മോനിയുടെ കഴുത്തിന് വെച്ച് വായിൽ വന്ന എല്ലാ തെറി വാക്കുകളും പ്രയോഗിച്ചു. അവളെ വരച്ച വരയിലാക്കി.

മാത്തച്ചൻ പിന്നീട് മാത്തച്ചൻ മുതലാളി ആയി. അടുക്കളയിൽ ജോലിക്കാരി, വെളിയിലത്തെ പണിക്കായി വേറെ ആൾക്കാർ. അയാളുടെ ഓഫീസിൽ ജോലി ചെയ്യാൻ നല്ല ചെറുപ്പക്കാരും മിടുമിടുക്കരുമായ മലയാളികളായി. അവരിൽ ഒരുവൻ അയാളുടെഡ്രൈവറായി. അയാൾ പള്ളിയിലെ ദിവ്യനായി. അയാൾപറയുന്നതെന്തുമേ അവിടെനടപ്പാകത്തുള്ളു എന്നായി. പള്ളിയുടെ എന്താവശ്യത്തിനും കൈ നിറയെ വാരി കൊടുക്കും. സഭയിലെ മെത്രാച്ചന്മാരും അച്ചന്മാരും വന്നാൽ അവിടെയാണ് താമസം. ഇതിനിടയിൽ ബാവാ വന്നപ്പോഴാണ് ജനങ്ങൾ അറിയുന്നത് ഇവർ ചെറുപ്പകാലത്തെ സുഹൃത്തുക്കളായിരുന്നെന്ന്.

വാർദ്ധ്യകൃത്തിൽ വിവാഹം കഴിച്ചതു മൂലം അവർക്ക് മക്കളില്ലായിരുന്നതു മൂലം കിട്ടുന്ന പണം ചെലവാക്കാൻ വേറെ മാർഗ്ഗവുമില്ല. അയാൾ ഒരു പൊങ്ങച്ചക്കാരനാണെന്ന കാര്യം അയാളെ അറിയാവുന്ന എല്ലാവർക്കുമറിയാം.

അത്രയും വിലപിടിപ്പുള്ള ശവപ്പെട്ടിയിൽ കുഴിച്ചിട്ട മോനി ഒറ്റ രാത്രി കഴിഞ്ഞപ്പോൾ പെട്ടിയില്ലാതെ കുഴിയിലായി; പെട്ടി ആൺ പിള്ളേർ മോഷ്ടിച്ചു കൊണ്ടു പോയി.